(സി) അനുഷ്ഠാന കലാകാരൻമാർ ഉൾപ്പെടെയുള്ളവർക്ക് ഇപ്പോൾ പെൻഷൻ നൽകുന്നുണ്ട്. ഇവർക്കായി പ്രത്യേക പെൻഷൻ പദ്ധതി പരിഗണനയിലില്ല. കലാകാരൻമാർക്കായി സമഗ്ര ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. രോഗബാധിതർക്ക് ചികിത്സാ ധനസഹായവും നൽകുന്നുണ്ട്.

പൈതൃക കേന്ദ്രങ്ങൾ

124 (3885) ശ്രീ. വർക്കല കഹാർ :
ശ്രീ. എം. മുരളി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ പൈതൃക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു വിശദമാക്കുമോ ;

(ബി) എല്ലാ ജില്ലകളിലും ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് ഇത്തരം പൈതൃക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ ചരിത്ര സ്മാരകങ്ങളായ കോട്ടകളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ കോട്ടകളെ സ്മാരകമായി സംരക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇനി ഏതൊക്കെ ചരിത്ര സ്മാരകങ്ങളാണ് ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ സ്ഥലം വാടക നൽകിക്കൊണ്ട് ഓരോ ജില്ലയിലും ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഹെറിറ്റേജ് സെന്ററിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ഇതിന്റെ നടത്തിപ്പിന്റെ ചുമതല താൽക്കാലികമായി സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതിനായി 10,95,000 രൂപ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന് കൊടുത്തിട്ടുണ്ട്. കെട്ടിടത്തിന്റെ വാടക, ഫർണിഷിംഗ്, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി 10,86,600 രൂപ നൽകിയിട്ടുണ്ട്.

(ബി) തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ കണ്ണൂർ, വയനാട്, തൃശ്ശൂർ, ഇടുക്കി, കൊല്ലം എന്നീ 5 ജില്ലകളിൽ പൈതൃക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

(ഡി) ഏഴിമലക്കോട്ട, പൊവ്വൽക്കോട്ട, ചന്ദ്രഗിരിക്കോട്ട, അതിക്കാടിക്കോട്ട, ടിപ്പു സുൽത്താൻ ഫോർട്ട് ചേറ്റുവകോട്ട, കോട്ടപ്പുറംകോട്ട, നെടുംകോട്ട, പള്ളിപ്പുറംകോട്ട, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് ചുറ്റുമുള്ള കോട്ടകൾ എന്നിവയെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) ചരിത്ര സ്മാരകങ്ങളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് നിലവിൽ ഒരു മുൻഗണനാലിസ്റ്റ് ഇല്ല. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചലച്ചിത്രാസ്വാദന കോഴ്സ്

125 (3886) ശ്രീ. എം. എം. യൂസഫ് :
ശ്രീ. എം. ഹംസ :
ശ്രീ. ബി. രാഘവൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ആവിഷ്കരിച്ചിട്ടുള്ള ചലച്ചിത്രാസ്വാദന കോഴ്സിന്റെ വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരെ ഉദ്ദേശിച്ചാണ് കോഴ്സ് സംഘടിപ്പിച്ചിട്ടുള്ളത് ;

(സി) കുട്ടികൾക്കായി സംഘടിപ്പിച്ച ചലച്ചിത്ര ആസ്വാദന കോഴ്സിൽ കഴിഞ്ഞ വർഷം എത്ര കുട്ടികൾ പങ്കെടുത്തു ;

(ഡി) കുട്ടികൾക്ക് സിനിമയുടെ സാങ്കേതിക വശങ്ങൾ പരിചയപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ;

(ഇ) അദ്ധ്യാപകർക്കുവേണ്ടി നടത്തുന്ന ചലച്ചിത്രാസ്വാദന കോഴ്സിന്റെ വിശദാംശം നൽകുമോ ;

(എഫ്) സ്ക്കൂളുകൾ കേന്ദ്രീകരിച്ച് ലോക ക്ലാസിക് സിനിമകൾ പ്രദർശിപ്പിക്കുന്നതിനും സിനിമയെക്കുറിച്ച് ചർച്ചകൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫലപ്രദവും ദീർഘദൃഷ്ടിയോടുകൂടിയതുമായ ഒരു പഠന അവബോധ ആസ്വാദന പദ്ധതി രൂപീകരിച്ച് വ്യാപകമായ തോതിൽ നടപ്പിലാക്കുക എന്നതാണ് ഈ കോഴ്സിന്റെ ഉദ്ദേശം. അവബോധം, സഹിഷ്ണുത, ദേശീയവും

LIBRARY ARCHIVES Kerala Legislative Assembly